# സൂചിക


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 4 |
| 2 | ലക്ഷ്യങ്ങൾ | 5 |
| 3 | വിദ്യാലയം ലഘുചരിത്രം | 6 |
| 4 | പൊതു വിവരങ്ങൾ | 7 |
| 5 | അക്കാദമിക് നേട്ടങ്ങൾ | 8 |
| 6 | മികവുകൾ | 9-10 |
| 7 | നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ | 11 |
| 8 | പരിമിതികൾ | 12 |
| 9 | സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം | 13 -17 |
| 10 | ക്ലാസ് 1 മലയാളം | 18 |
| 11 | ക്ലാസ് 1 ഗണിതം,ഇംഗ്ലീഷ് | 19 |
| 12 | ക്ലാസ് 2 മലയാളം | 20 |
| 13 | ക്ലാസ് 2 ഗണിതം,ഇംഗ്ലീഷ് | 21 |
| 14 | ക്ലാസ് 3 മലയാളം | 22 |
| 15 | ക്ലാസ് 3 പരിസര പഠനം | 23 - 24 |
| 16 | ക്ലാസ് 3 ഗണിതം | 25 |
| 17 | ക്ലാസ് 3 ഇംഗ്ലീഷ് | 26 - 27 |
| 18 | ക്ലാസ് 4 മലയാളം | 28 |
| 19 | ക്ലാസ് 4 പരിസര പഠനം | 29 |
| 20 | ക്ലാസ് 4 ഗണിതം | 30 |
| 21 | ക്ലാസ് 4 ഇംഗ്ലീഷ് | 31 |
| 22 | ടാലന്റ് ലാബ് എൽ.പി | 32 |
| 23 | തനതു പ്രവർത്തനങ്ങൾ എൽ.പി | 33 – 34 |
| 24 | യു പി മലയാളം | 35 - 36 |
| 25 | അറബിക് | 37– 38 |
| 26 | സംസ്കൃതം | 39–40 |
| 27 | ഉറുദു | 41 |

| | | |
|---|---|---|
| 28 | ഇംഗ്ലീഷ് | 42 |
| 29 | ഹിന്ദി | 43 |
| 30 | അടിസ്ഥാനശാസ്ത്രം | 44 - 45 |
| 31 | സാമൂഹ്യശാസ്ത്രം | 46 - 47 |
| 32 | ഗണിതം | 48 |
| 33 | വിവിരവിനിമയ സാങ്കേതിക വിദ്യ | 49 |
| 34 | ആരോഗ്യകായിക വിദ്യാഭ്യാസം | 50 |
| 35 | തനതു പ്രവർത്തനങ്ങൾ യു.പി | 51 |
| 36 | ടാലന്റ് ലാബ് യു.പി | 52 |
| 37 | ലൈബ്രറി | 53 |
| 38 | പ്രവൃത്തി പരിചയം | 54 |
| 39 | വിദ്യാരംഗം കലാസാഹിത്യ വേദി | 55 |
| 40 | എൽ.എസ്.എസ് , യു.എസ്.എസ് | 56 |
| 41 | ഹെൽത്ത് & സാനിറ്റേഷൻ | 57 |
| 42 | കുടിവെള്ളം | 58 |
| 43 | ഐ.ഇ.ഡി.സി | 59 |
| 44 | എനർജി ക്ലബ് | 60 |
| 45 | കലാമേള | 61 |
| 46 | മൂല്യനിർണയം | 62 |
| 47 | ഉച്ചഭക്ഷണം | 63 |
| 48 | ജാഗ്രത | 64 |
| 49 | ബജറ്റ് | 65 |

## ആമുഖം

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന ഒരു സർക്കാർ അപ്പർ പ്രൈമറി വിദ്യാലയമാണ് എളേറ്റിൽ ജി.എം.യു.പി സ്കൂൾ. എളേറ്റിലെ പ്രശസ്തമായ അണ്ടിക്കുണ്ടിൽ തറവാട്ടിൽ 1900 ഒക്ടോബർ 15ന് ഏകാധ്യാപക വിദ്യാലയമായിട്ടായിരുന്നു തുടക്കം. ആദ്യത്തെ അധ്യാപകൻ തലക്കോട്ട് മുഹമ്മദ് മാസ്റ്ററും ആദ്യത്തെ വിദ്യാർത്ഥി അണ്ടിക്കുണ്ടിൽ തറുവെയ്ക്കുട്ടിയും ആയിരുന്നു. ആറാം തലമുറയിൽ പെട്ട വിദ്യാർത്ഥികളാണ് ഇപ്പോൾ ഇവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്.

2000 ത്തിൽ ശതാബ്ദി ആഘോഷിച്ചപ്പോൾ ഈ വിദ്യാലയത്തിൽ ഏകദേശം 600 ഓളം കുട്ടികളാണ് ഉണ്ടായിരുന്നത്. പിന്നീടങ്ങോട്ടുള്ള വളർച്ച അസൂയാവഹായിരുന്നു. ഭൗതികരംഗത്തും, അക്കാദമിക രംഗത്തും ഉണ്ടായ മാറ്റങ്ങളാണ് ഈ വളർച്ചയ്ക്ക് കാരണമായത്. ഇപ്പോൾ 29 ഡിവിഷനുകളിലായി 1013 കുട്ടികൾ പഠിക്കുന്നുണ്ട്. പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കുക എന്ന ലക്ഷ്യം മുൻനിർത്തി, നമ്മുടെ വിദ്യാലയത്തെയും അക്കാദമിക രംഗത്ത് അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്തുക എന്നതാണ് നമ്മുടെ ദൗത്യം.

# ലക്ഷ്യങ്ങൾ

- എളേറ്റിൽ ജി.എം.യു.പി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.
- മുഴുവൻ വിദ്യാർത്ഥികളും അതത് ക്ലാസിൽ നിന്ന് നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക .
- കുട്ടികളിൽ ശാസ്ത്രീയ മനോഭാവവും കാഴ്ചപ്പാടും വളർത്തിയെടുത്ത് ജീവിതത്തിൽ പ്രയോഗവൽക്കരിക്കാൻ പ്രാപ്തരാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവുകൾ പരിപോഷിപ്പിക്കുക.
- പരിസ്ഥിതി സൗഹാർദ്ദ മനോഭാവം, സഹജീവിസ്നേഹം, സേവനമനോഭാവം എന്നിവ വളർത്തിയെടുക്കുക.
- ദേശസ്നേഹവും സാമൂഹ്യബോധവുമുള്ള പൗരൻമാരായി വളർത്തിയെടുക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ടവരും സാധാരണക്കാരുമായ വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക.
- പ്രദേശത്തെ മുഴുവൻ കുട്ടികളെയും പൊതുവിദ്യാഭ്യാസത്തിന് കീഴിൽ കൊണ്ടുവരിക.
- വിദ്യാലയത്തിന്റെ ഭൗതിക-അക്കാദമിക സൗകര്യങ്ങൾ പൊതുസമൂഹത്തിന് പ്രയോജനപ്പെടുത്തുക.

## വിദ്യാലയം ലഘു ചരിത്രം

1900-ആണ്ടിൽ സ്ഥാപിച്ച ഈ വിദ്യാലയത്തിൽ ആറാം തലമുറയിലുള്ള വിദ്യാർഥികളാണ് ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുന്നത്.മലബാർ ഡിസ്ട്രിക് ബോർഡിന്റെ കീഴിൽ സ്ഥാപിതമായ ഈ വിദ്യാലയത്തിൽ അക്കാലത്ത് പ്രദേശത്തെ സമ്പന്ന കുടുംബങ്ങളിലെ അംഗങ്ങളാണ് വിദ്യാഭ്യാസം നേടിയിരുന്നത്. കോഴിക്കോട് പട്ടണത്തിൽ നിന്നും കുന്ദമംഗലം കഴിഞ്ഞ് കിഴക്കൻ ഭാഗത്ത് ആദ്യമായി സ്ഥാപിച്ച വിദ്യാലയമായിരുന്നു ഇത്.

അക്കാലത്ത് സാമ്പത്തികമായി വളരെ പിന്നോക്കാവസ്ഥയിലായിരുന്ന ഈ പ്രദേശത്ത് ധാരാളം അധ്യാപകരും മറ്റു ഉദ്യോഗസ്ഥന്മാരും ഉണ്ടാകുവാൻ ഈ സ്ഥാപനം കാരണമായി തീർന്നിട്ടുണ്ട്.

നിലവിൽ കോഴിക്കോട് ജില്ലയിൽ തന്നെ ഏറ്റവും പ്രഗൽഭമായ ഒരു വിദ്യാലയമായി ഈ സ്ഥാപനം വളർന്നു കഴിഞ്ഞു. സ്കൂൾ പ്രവേശനത്തിനായി സ്കൂൾ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിന് പുറമേ തൊട്ടടുത്ത പ്രദേശങ്ങളിൽ നിന്നുകൂടി കുട്ടികൾ എത്തിച്ചേരുന്നുണ്ട്. 29 ഡിവിഷനുകളിലായി 1013 വിദ്യാർത്ഥികൾ 2024-25 അധ്യയന വർഷത്തിൽ ഇവിടെ പഠിക്കുന്നുണ്ട്. സ്കൂൾ കലാമേള, കായികമേള, ഗണിതശാസ്ത്രമേള, ശാസ്ത്ര,സാമൂഹ്യശാസ്ത്രമേള, അറബിക് കലോത്സവം, സംസ്കൃതോത്സവം,ഐടിമേള എന്നിവയിൽ ഉപജില്ലാതലത്തിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്.

ഇതര മേളകളിൽ സജീവമായ പങ്കാളിത്തം, യു എസ് എസ് ,എൽ എസ് എസ് മത്സരത്തിൽ തിളക്കമാർന്ന വിജയം ഇവ എടുത്തു പറയത്തക്ക നേട്ടങ്ങളാണ്.

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| സ്ഥാപിച്ച വർഷം | : | 1900 |
| വില്ലേജ് | : | കിഴക്കോത്ത് |
| പഞ്ചായത്ത് | : | കിഴക്കോത്ത് |
| താലൂക്ക് | : | താമരശ്ശേരി |
| ജില്ല | : | കോഴിക്കോട് |
| വിദ്യാഭ്യാസ ജില്ല | : | താമരശ്ശേരി |
| വിദ്യാഭ്യാസ ഉപജില്ല | : | കൊടുവള്ളി |
| അസംബ്ലി നിയോജകമണ്ഡലം | : | കൊടുവള്ളി |
| ലോക്സഭാ മണ്ഡലം | : | കോഴിക്കോട് |
| വിലാസം | : | ജി എം യു പിസ്കൂൾ, എളേറ്റിൽ<br>എളേറ്റിൽ പി ഒ,കൊടുവള്ളി |
| ഫോൺ നമ്പർ | : | 0495 2200180 |
| ഇ-മെയിൽ | : | gmupselettil@gmail.com |
| നിലവിലുള്ള ക്ലാസുകൾ | : | 1 മുതൽ 7 വരെ |
| വിദ്യാർഥികളുടെ എണ്ണം | : | 959 |
| എൽ .പി | : | 307 |
| യു.പി | : | 652 |
| ആകെ | : | 959 |
| പ്രധാന അധ്യാപകൻ | : | 1 |
| അധ്യാപകർ | : | 38 |
| ഓഫീസ് അറ്റൻഡന്റ് | : | 1 |

## അക്കാദമിക് നേട്ടങ്ങൾ

- ❈ സ്കൂൾ കലോത്സവം, ഗണിതശാസ്ത്രമേള, ഐടി മേള, അറബിക് കലാമേള, കായികമേള, ശാസ്ത്ര സാമൂഹ്യശാസ്ത്രമേള, എന്നിവയിൽ കൊടുവള്ളി സബ് ജില്ലയിൽ ഒന്നാം സ്ഥാനം ഓവറോൾ ചാമ്പ്യൻഷിപ്പ്.
- ❈ എൽഎസ്എസ്, യുഎസ്എസ് പരീക്ഷകളിൽ ഉന്നത വിജയം.
- ❈ ജില്ലകളിൽ ഏറ്റവും കൂടുതൽ യുഎസ്എസ് നേടുന്ന വിദ്യാലയങ്ങളിൽ ഒന്ന്.
- ❈ വിവിധ ക്വിസ് മത്സരങ്ങളിൽ (അക്ഷരമുറ്റം, യുറീക്കാവിജ്ഞാനോത്സവം, ഗണിതശാസ്ത്രം, ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര ) ജില്ലാതലത്തിൽ മികച്ച വിജയം
- ❈ 2007 മികവ് സംസ്ഥാനതല പങ്കാളിത്തം
- ❈ 2011 - 17 ഹരിതവിദ്യാലയം റിയാലിറ്റി ഷോയിൽ സംസ്ഥാനതല പങ്കാളിത്തം
- ❈ 1 മുതൽ 7 വരെ ഇംഗ്ലീഷ് മീഡിയം ഡിവിഷനുകൾ
- ❈ വാർഷിക അർദ്ധ വാർഷിക പരീക്ഷ ഉന്നത നിലവാരം
- ❈ പുരസ്കാർ 2017
- ❈ അലിഫ് അറബിക് ടാലന്റ് ടെസ്റ്റ്,അൽമാഹിർ അറബിക് സ്കോളർഷിപ്പ് പരീക്ഷയിൽ ഉന്നത വിജയം
- ❈ ബെസ്റ്റ് പി ടി എ അവാർഡ് 2011
- ❈ ശാസ്ത്രരംഗം (സാമൂഹ്യ ശാസ്ത്രം, പ്രവൃത്തി പരിചയം) ജില്ലാതലത്തിൽ ഉന്നത വിജയം

# മികവുകൾ

- മികച്ച അച്ചടക്കം
- മികച്ച ക്ലസ്തല  അക്കാദമിക പ്രവർത്തനങ്ങൾ
- വിവിധ ഭാഷകളിലുള്ള ദൈനംദിന സ്കൂൾ അസംബ്ലി
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക കോച്ചിംഗ്
- ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കാൻ ഉതകുന്ന Special English Empowerment Programmes (ELEP)
- ക്ലബ് പ്രവർത്തനങ്ങൾ
- ദിനാചരണങ്ങൾ (സ്കൂൾ തല കലണ്ടർ)
- സ്കൂൾ യൂണിഫോം - ഡ്രസ്സ് കോഡ്
- സ്കൂൾതല പ്രവൃത്തി പരിചയമേള
- സ്കൂൾ കലാമേള
- സ്കൂൾതല കായികമേള
- രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്
- ഇൻട്രാമ്യൂറൽ ക്വിസ്
- പ്രതിവാര പത്ര ക്വിസ്
- ജാഗ്രത സമിതി
- ഐ.ടി അധിഷ്ഠിത പഠന പ്രവർത്തനങ്ങൾ
- ശിശു സൗഹൃദ ക്ലാസ് മുറികൾ
- ക്ലാസ് പി ടി എ സഹകരണത്തോടെയുള്ള ക്ലാസ്സ് റൂം നവീകരണം
- പ്ലാസ്റ്റിക് വിമുക്ത ക്യാമ്പസ്
- സുരക്ഷിതമായ ക്ലാസ് മുറികൾ
- ഡിജിറ്റലൈസ്ഡ് ക്ലാസ് മുറികൾ
- ഡിജിറ്റലൈസ്ഡ് ലൈബ്രറി

- അമ്മ വായന
- സമ്പൂർണ്ണ ക്ലാസ് ലൈബ്രറികൾ (പുസ്തകപ്പുര)
- I E D C റിസോഴ്സ് റൂം
- ചിൽഡ്രൻസ് പാർക്ക്
- ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്
- രുചിപ്പെരുമ
- വാട്ടർ പ്യൂരിഫയർ
- പ്ലാസ്റ്റിക് ബോട്ടിൽ ബൂത്തുകൾ
- സ്കൂൾ മാഗസിൻ (ഡിജിറ്റലൈസ്ഡ്)

# നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

- ടൈൽ പാകിയ പൂർണമായും വൈദ്യുതീകരിച്ച ക്ലാസ് മുറികൾ
- എല്ലാം മുറികളിലും ക്ലാസ് മുറികളിലും ശബ്ദ സംവിധാനം
- ഡിജിറ്റലൈസ്ഡ് ക്ലാസ് മുറികൾ
- വിശാലമായ കമ്പ്യൂട്ടർ ലാബ്
- ടൈൽ പാകിയ മുറ്റം
- വൈവിധ്യമാർന്ന പുസ്തകങ്ങൾ ഉൾക്കൊള്ളുന്ന ലൈബ്രറി
- ചിത്രങ്ങൾ ആലേഖനം ചെയ്ത ക്ലാസ് മുറികൾ
- പൂർണമായും എൽ.പി.ജി സംവിധാനത്തോടു കൂടിയ അടുക്കള
- അൾട്രാ ഷോട്ട് ത്രോ പ്രൊജക്ടർ സംവിധാനത്തോട് കൂടിയ മൾട്ടിമീഡിയ റൂം
- ബോർവെൽ
- വൃത്തിയായി സജ്ജീകരിച്ചതും സൗകര്യപ്രദവുമായ വാഷ്ബേസിൻ
- ചിൽഡ്രൻസ് പാർക്ക്
- വാട്ടർ പ്യൂരിഫയർ
- ഗേൾസ് ഫ്രണ്ട്‌ലി ടോയ്‌ലറ്റ്
- ആൻഡ്രോയിഡ് സ്മാർട്ട് ക്ലാസ് റൂം

## പരിമിതികൾ

- കായിക ക്ഷമതയുള്ള വിദ്യാർത്ഥികളെ വാർത്തെടുക്കുന്നതിന് ആവശ്യമായ കളി സ്ഥലത്തിന്റെ അഭാവം
- കുട്ടികൾക്ക് ഫലപ്രദമായി പാഠഭാഗങ്ങൾ വിനിമയം ചെയ്യാനും, ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടാനും ഉതകുന്ന ശാസ്ത്ര ലാബുകളുടെ അഭാവം.
- ഡൈനിംഗ് ഹാൾ സൗകര്യത്തിന്റെ അപര്യാപ്തത.

# <u>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം</u>

ജൂൺ 3 മുതൽ ജൂൺ 13 വരെ ആരംഭഘട്ട ബോധവൽക്കരണ പ്രവർത്തനങ്ങൾ

| **തിയ്യതി** | **വിഷയ മേഖലകൾ** |
|---|---|
| 03/06/2025 | പൊതു വിഷയങ്ങൾ (എൽ.പി) മയക്കുമരുന്ന്/ ലഹരി ഉപയോഗത്തിനെതിരെ(യു.പി) |
| 04/06/2025 | റോഡ് നിയമങ്ങൾ,സ്കൂൾ വാഹന സഞ്ചാരം |
| 05/06/2025 | വ്യക്തി ശുചിത്വം,ഹരിത ക്യാമ്പസ് സ്കൂൾ സൗന്ദര്യവത്കരണം |
| 09/06/2025 | ആരോഗ്യം,വ്യായാമം, കായിക ക്ഷമത |
| 10/06/2025 | ഡിജിറ്റൽ അച്ചടക്കം |
| 11/06/2025 | പൊതുമുതൽ സംരക്ഷണം |
| 12/06/2025 | പരസ്പര സഹകരണത്തിന്റെ പ്രാധാന്യം |
| 13/06/2025 | പൊതു ക്രോഡീകരണം വിലയിരുത്തൽ |

**ആമുഖം**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 2025 - 26 അധ്യായനവർഷ പ്രാരംഭഘട്ട ബോധവൽക്കരണ പഠന പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ഈ വർഷം പഠനം വിടവ് നികത്തുന്നതിനോടൊപ്പം കുട്ടികളിൽ സാമൂഹ്യബോധവും ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. സാമൂഹ്യ പ്രാധാന്യമുള്ള 7 വ്യത്യസ്ത മേഖലകളുടെ കടന്നുപോകുമ്പോൾ വിവിധ പഠന മേഖലകളിൽ കുട്ടി എവിടെ എത്തിനിൽക്കുന്നു എന്നു കൂടി തിരിച്ചറിയേണ്ടതുണ്ട്. പഠന വിടവ് നികത്തുന്നതിനോടൊപ്പം സാമൂഹ്യമൂല്യങ്ങൾ കൂടി കുട്ടി സ്വായത്തമാക്കേണ്ടതുണ്ട്.പഠനപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന കുട്ടികളുടെ പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടിയെ അറിയുക,ഓരോ കുട്ടിയുടെയും ജീവിത സാഹചര്യം മനസ്സിലാക്കുക എന്നതും ഈ പദ്ധതിയുടെ ലക്ഷ്യമാണ്.മൂല്യാധിഷ്ഠിത

വിദ്യാഭ്യാസത്തിന്റെ ആവശ്യകത,ദൈനംദിന ജീവിതത്തിൽ കുട്ടി ആർജ്ജിക്കേണ്ട ശേഷികൾ, അനുഭവങ്ങൾ എന്നിവയുടെ വെളിച്ചത്തിൽമൊഡ്യൂളുകൾ തയ്യാറാക്കി ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

## സ്കൂൾതല പ്രവർത്തന സംഗ്രഹം

**2025 ജൂൺ 3**

- പൊതു വിഷയങ്ങൾ
- മയക്കുമരുന്ന് /ലഹരി ഉപയോഗത്തിനെതിരെ

**ലക്ഷ്യം**

വിദ്യാലയത്തിലെ പൊതു ഇടങ്ങൾ കുട്ടികൾ പരിചയപ്പെടുന്നതിലൂടെ വിദ്യാലയമായി കൂടുതൽ അടുപ്പം പുലർത്തുക.ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന പ്രധാന വെല്ലുവിളിയായ ലഹരി ഉപയോഗത്തിനെതിരായ മനോഭാവം കുട്ടികൾ വളർത്തുക.

**പ്രവർത്തനങ്ങൾ**

- ➢ പരസ്പരം പരിചയപ്പെടൽ
- ➢ അവധിക്കാല അനുഭവങ്ങൾ പങ്കുവെക്കൽ
- ➢ വിദ്യാലയത്തെ മനസ്സിലാക്കൽ

തെളിവാനം വരയ്ക്കുന്നവർ എന്ന പുസ്തകത്തിലെ ആദ്യ രണ്ട് അധ്യായങ്ങൾ ക്ലാസ്സിൽ അവതരിപ്പിക്കുന്നു. തുടർന്ന്

- ■ ജീവിതകഥ പൂർത്തീകരണം
- ■ ലഹരിക്കെതിരെ കുറിപ്പ് നിർമ്മാണം
- ■ ലഹരിക്കെതിരെ എന്റെ ഒപ്പ്

**2025 ജൂൺ 4**

- റോഡ് നിയമങ്ങൾ,സ്കൂൾ വാഹന സഞ്ചാരം

**ലക്ഷ്യം**

ട്രാഫിക് നിയമങ്ങളെ കുറിച്ച് ധാരണ കൈവരിക്കുന്നതിന്

**പ്രവർത്തനങ്ങൾ**

- ◆ മോക്ഡ്രിൽ

സ്കൂൾ കോമ്പൗണ്ടിൽ വെച്ച് റോഡ് യാത്രാ സാഹചര്യങ്ങൾഅനുസരിച്ച വാഹനങ്ങളായും കാൽനട യാത്രക്കാരെയും കുട്ടികൾ പങ്കെടുക്കുന്ന മോക്ഡ്രിൽ

- ◆ ചിത്രങ്ങളും വിവരണങ്ങളും ചോദ്യങ്ങളും അടങ്ങിയ സ്ലൈഡ് നിർമ്മാണം

അനുബന്ധ വർക്ക് ഷീറ്റ് പൂർത്തിയാക്കൽ

**2025 ജൂൺ 5**

വ്യക്തി ശുചിത്വം, പരിസര ശുചിത്വം,ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം

**ലക്ഷ്യം**

വ്യക്തിശുചിത്വം,പരിസര ശുചിത്വം എന്നിവ സംബന്ധിച്ച ശാസ്ത്രീയമായ ധാരണകൾ പ്രായത്തിനനുസൃതമായി കുട്ടികൾ ആർജിക്കുക. സ്കൂൾ സൗന്ദര്യത്തിന് വ്യത്യസ്തങ്ങളായ സാധ്യതകൾ കണ്ടെത്തുക.

**പ്രവർത്തനങ്ങൾ**

**I വ്യക്തി ശുചിത്വം (10 മിനിറ്റ്)**

പ്രവർത്തനങ്ങൾ

1) ദൈനംദിന ശുചിത്വശീലങ്ങളെ കുറിച്ച് സർവ്വേ.(അക്കാദമി വർഷം മുഴുവൻ)

2) ശുചിത്വ പ്രതിജ്ഞ

3) ശുചിത്വ ചാർട്ട്

4) പോസ്റ്റർ നിർമ്മാണം

**II പരിസര ശുചിത്വം (20 മിനിറ്റ്)**

ക്ലാസ് മുറികളിൽ പാലിക്കേണ്ട ശുചിത്വ ശീലങ്ങൾ,ടോയ്‌ലറ്റ് ഉപയോഗിക്കേണ്ട വിധം - ചർച്ച

സ്കൂൾതലത്തിൽ പൊതു ശുചിത്വ ചാർട്ട് തയ്യാറാക്കൽ

**III ഹരിത ക്യാമ്പസ് (20 മിനിറ്റ്)**

സ്കൂൾ ഹരിതാഭമാക്കാനുള്ള നിർദ്ദേശങ്ങൾ പങ്കുവെക്കൽ - പരിസ്ഥിതി ദിനത്തിൽ അവ പ്രാവർത്തികമാക്കേണ്ട പ്രവർത്തനം മാതൃക തയ്യാറാക്കൽ.

**IV വിദ്യാലയസൗന്ദര്യവത്കരണം (10 മിനിറ്റ്)**

വെർട്ടിക്കൽ ഗാർഡൻ നിർമ്മാണം

വിദ്യാലയത്തിലെ ഒരു ചെടി - മനോഹരവിദ്യാലയം

**2025 ജൂൺ 9**

**ലക്ഷ്യം**

നല്ല ആരോഗ്യ ശീലങ്ങൾ, ഭക്ഷണശീലങ്ങൾ, വ്യായാമത്തിന്റെ അനിവാര്യത എന്നിവ സംബന്ധിച്ച  അവബോധം കുട്ടികളിൽ വളർത്തിയെടുക്കുക.

**പ്രവർത്തനങ്ങൾ**

പോഷകാഹാരങ്ങളുടെ ആവശ്യകത അപര്യാപ്തതാ രോഗങ്ങൾ -സ്ലൈഡ് പ്രദർശനം

സ്ലൈഡിങ് ആസ്പദമാക്കി പോസ്റ്റ് ക്വിസ്സുകൾ

ലഘു വ്യായാമങ്ങൾ

സൂമ്പാ ഡാൻസ് പരിശീലനം

**2025 ജൂൺ 10**

ഡിജിറ്റൽ അച്ചടക്കം

**ലക്ഷ്യം**

ഡിജിറ്റൽ ഉപകരണങ്ങൾ വിവേകത്തോടെയും വിവേചന ബുദ്ധിയോടെയും എങ്ങനെ ഉപയോഗിക്കാം എന്ന് ആശയം രൂപീകരിക്കൽ.

**പ്രവർത്തനങ്ങൾ**

സൈബർ ഗ്രൂമിങ് എന്ന സ്നൈഡ് ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

സ്ലൈഡിങ് ആസ്പദമാക്കി പ്രീ ക്വിസ് ചെയ്യിച്ചുകൊണ്ട് ഓരോ കുട്ടികളുടെയും സ്ക്രീൻ ടൈം ഉപയോഗിക്കുന്ന സാമൂഹ്യ മാധ്യമങ്ങൾ സൈബർ സുരക്ഷയെപ്പറ്റി കുട്ടിക്കുള്ള ധാരണ എന്നിവ പരിശോധിക്കുന്നു. ശേഷം പുതുതായി വിശദീകരണങ്ങൾ നൽകുന്നു പിന്നീട് വിഷയത്തെപ്പറ്റി പോസ്റ്റ് ക്വിസ് നടത്തുന്നു.

**2025 ജൂൺ 11**

പൊതുമുതൽ സംരക്ഷണം

**ലക്ഷ്യം**

പൊതുമുതൽ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം,പൊതുസ്ഥാപനങ്ങളെ പരിപാലിക്കുന്നതിനും, പൊതുമുതൽ പൊതുസമൂഹത്തിന്റെ സ്വത്താണെന്നും ഉള്ള ധാരണ കൈവരിക്കുക.

**പ്രവർത്തനങ്ങൾ**

- ബോധവൽക്കരണ വീഡിയോ പ്രദർശനം

  ചർച്ച :

  - എന്താണ് പൊതുസ്വത്ത്?
  - നിങ്ങൾക്ക് എന്തൊക്കെയാണ് പൊതുസ്വത്തായി തോന്നുന്നത്? തുടങ്ങിയ ചോദ്യങ്ങളിലൂടെ ചർച്ച നയിക്കുന്നു.

**അവബോധ ക്ലാസ്സ്**

സ്കൂളിൽ പൊതുമുതൽ സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നിയമാവലി തയ്യാറാക്കൽ.

**2025 ജൂൺ 12**

പരസ്പര സഹകരണത്തിന്റെ പ്രാധാന്യം

**ലക്ഷ്യം:**

സ്കൂൾ ക്യാമ്പസ് എല്ലാ കുട്ടികൾക്കും ഒരേപോലെ അവകാശപ്പെട്ടതാണെന്നും ക്യാമ്പസിനകത്തും പുറത്തും സാഹോദര്യത്തോടെ പെരുമാറേണ്ടതുണ്ടെന്നും ഉള്ള ബോധവും അറിവും സൃഷ്ടിക്കുക.

**പ്രവർത്തനങ്ങൾ**

- സംഖ്യകൾ എഴുതാം ഒരുമയോടെ - ഗ്രൂപ്പ് പ്രവർത്തനം

കുട്ടികളെ ഗ്രൂപ്പായി തിരിച്ച് ഒന്നു മുതൽ 500 വരെയുള്ള സംഖ്യകൾ 10 മിനിറ്റിനുള്ളിൽ എഴുതാൻ ആവശ്യപ്പെടുന്നു. ഏറ്റവും കൂടുതൽ സംഖ്യകൾ എഴുതിയ കുട്ടികളോട് അവരുടെ പ്രവർത്തനരീതി ക്ലാസിൽ പങ്കുവയ്ക്കാൻ പറയുന്നു.

- വ്യത്യസ്ത സന്ദർഭങ്ങൾ കുട്ടികൾക്ക് മുന്നിൽ അവതരിപ്പിക്കുന്നു പ്രതികരണങ്ങൾ ക്ലാസിൽ ചർച്ച ചെയ്യുന്നു
- പരസ്പര സഹകരണവുമായി ബന്ധപ്പെട്ട ഫലപ്രദമായ വീഡിയോ പ്രദർശിപ്പിക്കുന്നു.

**2025 ജൂൺ 13**

**പൊതു ക്രോഡീകരണം**

വിവിധ വിഷയങ്ങളിൽ കുട്ടികൾ നേടിയ അവബോധം പരിശോധിക്കുക. ചെക്ക ലിസ്റ്റ്,വർക്ക്ഷീറ്റുകൾ എന്നിവ നൽകുക

സ്കൂൾതലത്തിൽ വിവിധ ക്ലാസുകളിൽ നടത്തിയ പ്രവർത്തനത്തിന്റെ അനുഭവങ്ങൾ പങ്കുവെക്കുക.

പഠന പ്രവർത്തനങ്ങളിലൂടെ കുട്ടിയുടെ അക്കാദമിക നിലവാരം,ജീവിത സാഹചര്യവും എന്നിവ ക്ലാസ് അധ്യാപകർ കൃത്യമായി വിലയിരുത്തുക.

| മേഖല : ക്ലാസ്സ് 1 മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | • പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങളൈ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | അടിസ്ഥാന ഭാഷാ ശേഷി വികസനം | *ഭാഷാകളരി<br>പാട്ടുകളും കഥകളുമായി കുട്ടിക്കൂട്ടങ്ങൾ സംഘടിപ്പിക്കൽ<br>* ജി.കെ ഹണ്ട്<br>*പാട്ടരങ്ങ്<br>സംഘമായും ഒറ്റയ്ക്കും വിവിധ കവിതകൾ അവതരിപ്പിക്കൽ<br>*കഥോത്സവം<br>അമ്മമാർ കുട്ടിക്കഥകൾ അവതരിപ്പിക്കുന്നു. ക്ലാസിൽ കുട്ടികളുടെ അവതരണം<br>*അക്ഷരമരം<br>*കുഞ്ഞു കൈകളിൽ കുഞ്ഞുപുസ്തകം<br>*വായനക്കാർഡ് നിർമ്മാണം<br>*പഠനോപകരണ ശില്പശാലകൾ | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ്<br>സെപ്തംബർ മുതൽ ജനുവരി | പി ടി എ |
| 2 | ഉചിതമായ വ്യവഹാര രൂപങ്ങളിലുള്ള ലേഖന മികവ് | *ലഘുവാക്യങ്ങൾ നിർമ്മിക്കൽ<br>*ചിത്രകഥാപതിപ്പ്<br>*സംയുക്ത ഡയറി<br>*വിവരണക്കുറിപ്പ് | | |
| 3 | വായനോത്സവം | *മധുരം മലയാളം<br>*സർഗ്ഗവേള<br>*വായനാ കാർഡ് നിർമ്മാണം<br>*വായന | ജനുവരി മുതൽ മാർച്ച് വരെ | |
| 4 | സർഗാത്മക വികസനം<br>ശാരീരിക പേശി വികാസം | *ബാലസഭ<br>*അഭിനയകളരി<br>വിവിധ പാഠഭാഗങ്ങളുടെ അവതരണം<br>*പഠനോപകരണ നിർമ്മാണ ശില്പശാല | ജൂൺ മുതൽ മാർച്ച് വരെ | |
| 5 | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | *പരീക്ഷണങ്ങൾ<br>* പ്രകൃതി നടത്തം<br>*ഫീൽഡ് ട്രിപ്പ്<br>*പുഷ്പോദ്യാനം നിർമ്മിക്കൽ<br>*പച്ചക്കറിത്തോട്ട നിർമ്മാണം | | |

| മേഖല : ക്ലാസ്സ് 1 ഗണിതം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | കളികളും നിർമ്മാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | *മഞ്ചാടി സഞ്ചി<br>ഗണിത പഠനം എളുപ്പമാക്കുന്നതിനുള്ള (മഞ്ചാടി, ഈർക്കിൽ, മുത്ത്, കുന്നിക്കുരു, കല്ലുകൾ ഉൾപ്പെടുത്തി മഞ്ചാടി സഞ്ചി നിർമ്മാണം.)<br>*ഗണിത പതിപ്പ്<br>*ചിത്ര ചാർട്ടുകൾ നിർമ്മാണം<br>*ഗണിത കളികൾ<br>*ഗണിത ക്യാമ്പ്<br>*ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണ ശില്പശാല | ജൂൺ -മാർച്ച്<br><br>മാസത്തിൽ ഒന്ന് വീതം | ബി ആർ സി |

| മേഖല : ക്ലാസ്സ് 1 ENGLISH | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | Comprehends and enjoy simple stories and songs make a simple sentences to develop listening skills and reading skills | *Let us talk<br>*Video clips of stories<br>*Simple rhymes<br>*One day one word<br>*sentence card<br>*Word games<br>* Picture magazine<br>*Reading card competition<br>*Self introduction<br>*Description | June to March | PTA |

**"Knowledge is Power ,Embrace Education"**

| മേഖല : ക്ലാസ്സ് II മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകപരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ജൂൺ | പി.ടി.എ |
| 2 | ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | വർഷം മുഴുവൻ | പി.ടി.എ |
| 3 | വായിക്കാം വളരാം | വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | പി.ടി.എ |
| 4 | ക്ലാസ്സ് വായന,ക്ലാസ്സ് ലൈബ്രറി ഒരുക്കൽ – പുസ്തക പരിചയം | വായനാശീലം വളർത്തുക,ലൈബ്രറി ഉപയോഗപ്പെടുത്തുക | വർഷം മുഴുവൻ | പി.ടി.എ സി.പി.ടി.എ |
| 5 | വായനാക്കുറിപ്പ്,ആസ്വാദന കുറിപ്പ് | വായനയുടെ ആഴം വർദ്ധിപ്പിക്കുക | വർഷം മുഴുവൻ | സി.പി.ടി.എ |
| 6 | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും ,എഴുതാനും കഴിയുന്നു.സ്വതന്ത്ര രചന നടത്താനുള്ള ശേഷി നേടുന്നു. | ജൂൺ - മാർച്ച് | സി.പി.ടി.എ 2000 |

**വലിയൊരു ലോകം നന്നാവാൻ**
**ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ**
**"സ്വയം നന്നാവുക”.**
**കുഞ്ഞുണ്ണി മാഷ്**

| മേഖല : ക്ലാസ്സ് II ഗണിതം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | വിവിധ തരം കളികൾ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | ജൂൺ - മാർച്ച് | പി ടി എ |
| 2 | ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ,കരചലന ശേഷി വികാസം | വർഷത്തി ലൊരിക്കൽ | പി ടി എ |
| 3 | ഗണിതലാബ് | ഗണിത പഠനം സുതാര്യമാക്കൽ,ഗണിത ലാബ് ഉപയോഗപ്പെടുത്തൽ | ജൂൺ - മാർച്ച് | പി ടി എ |
| 4 | ഗണിതച്ചുമർ | ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ജൂൺ - മാർച്ച് | പി ടി എ |
| 5 | ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | ആവിശ്യാനു സരണം | പി ടി എ |

| മേഖല : ക്ലാസ്സ് II ENGLISH | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | Comprehend and enjoy simple stories and songs. Make a simple sentence to develop listening skill and reading skill. | * One day one word<br>*Let us talk<br>you know me<br>(Description-1week)<br>*Sentence Card | | |
| 2 | Write simple conversations | *Making Origami<br>* Writing conversation | | |
| 3 | Describe things in oral and written form | Participate in theatre games | | |
| 4 | English Enrichment Programme | Ladder | July | |

**“Cultivation to the mind is as necessary as food to the body.”**

**Marcus Tullius Cicero**

| മേഖല : ക്ലാസ്സ് III മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | കുട്ടികൾക്ക് മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിവുണ്ടാവേണ്ടതാണ് | * ശബ്ദ ശേഖരം വർദ്ധിപ്പിക്കൽ<br>* പ്രീ ടെസ്റ്റ്<br>* ഭാഷാഗെയിമുകൾ<br>* ഐസിടിഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.<br>* കേട്ട കഥകൾ ഭാവാത്മകമായി അവതരിപ്പിക്കൽ.<br>* കേട്ട കഥകൾ ഓർത്തെടുത്ത് എഴുതൽ<br>*കടങ്കഥ ,പഴഞ്ചൊല്ല് ശേഖരണം, ക്ലാസ് അവതരണം.<br>* അനുഭവവിവരണം<br>* സർഗാത്മക ഡയറി തയ്യാറാക്കൽ | ജൂൺ – മാർച്ച് | CPTA |
| 2 | സൃഷ്ടിപരമായ എഴുത്തും, സംസാരവും ഉള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക | **വായനശേഷി**<br>* കഥാപുസ്തകങ്ങൾ വായിക്കുക.<br>* വായിച്ച കഥകൾ ആശയം നഷ്ടപ്പെടാതെ ഓർത്തെടുത്തെഴുതൽ.<br>* വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തു.<br>*പദസൂര്യൻ നിർമ്മാണം<br>*വാക്കുകളിൽ നിന്ന് വാക്യങ്ങൾ നിർമ്മിക്കുക<br>*ചോദ്യം നിർമ്മാണം<br>*ചോദ്യോത്തര പയറ്റ്<br>*വാക്കുകൾ പുതിയ വരികൾ നിർമ്മിക്കാം | ആഗസ്റ്റ് - സെപ്തംബർ | അധ്യാപകർ<br>എസ്.എം.സി<br>എസ്.ആർ.ജി |
| 3 | ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയുക | കഥ, റോൾപ്ലേ, നാടകീകരണം, അനുഭവ കുറിപ്പ് | നവംബർ - ഫെബ്രുവരി | അധ്യാപകർ<br>എം.പി.ടി.എ |
| 4 | ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം.<br>മികവുത്സവം | വർഷത്തിലൊരിക്കൽ | HM<br>SRG<br>CPTA<br>CLASS TEACHER |
| 5 | നമ്മുടെ നാട്ടിലുള്ള നാടൻ പലഹാരങ്ങൾ, ഭക്ഷണങ്ങൾ പരിചയപ്പെടൽ | പലഹാരം മേള സംഘടിപ്പിക്കൽ<br>പലഹാരം - പാചകക്കുറിപ്പ് തയ്യാറാക്കൽ<br>പതിപ്പ് നിർമ്മാണം | വർഷത്തിലൊന്ന് | CPTA |

| മേഖല : ക്ലാസ്സ് III പരിസരപഠനം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | ചുറ്റുപാടുമുള്ള സസ്യങ്ങളിലെ വൈവിധ്യം തിരിച്ചറിയാനും | *പ്രീടെസ്റ്റ്<br>*പ്രകൃതി നടത്തം<br>*പരിസ്ഥിതി ദിനപതിപ്പ്<br>*പരിസ്ഥിതി സംരക്ഷണം<br>*പ്ലക്കാർഡ്<br>*ഡോക്യുമെന്ററി പ്രകൃതിദുരന്തങ്ങൾ മനുഷ്യന്റെ ഇടപെടൽ ആവാസവ്യവസ്ഥാ തകർച്ച<br>*മഷിത്തണ്ട് പരീക്ഷണം<br>*വിത്ത് മുളപ്പിക്കൽ<br>*തൈ നടൽ<br>*ലീഫ് ആർട്ട്<br>* വിത്ത് ,ഇല കളക്ഷൻ<br>*ആൽബം<br>*കടലാസ് പൂവ് നിർമ്മാണം<br>*ഹരിത കാർഡ് നിർമ്മാണം | ജൂൺ | |
| 2 | ചുറ്റുപാടുമുള്ള ജീവികളെ തിരിച്ചറിയുന്നതിന്, നിരീക്ഷിക്കുന്നതിന്, സംരക്ഷിക്കുന്നതിന് | *വളർത്തു മൃഗങ്ങൾ<br>*അക്ഷര ചിത്രങ്ങൾ<br>*വിരൽ ചിത്രങ്ങൾ<br>*ഹാൻഡ് ലെൻസിലൂടെ<br>*ജീവികളെ നിരീക്ഷിക്കൽ<br>*സഞ്ചാരം ഒറിഗാമി ജീവികൾ<br>*കടൽ ജീവികൾ<br>*അനുകൂലനങ്ങൾ നിരീക്ഷണം<br>*ഇരപിടിക്കൽ രീതി വൈവിധ്യം പട്ടികപ്പെടുത്തൽ<br>*ആഹാരരീതിക്കനുസരിച്ച് തരംതിരിക്കൽ<br>*ശലഭ ആൽബം<br>*ഒറിഗാമി ശലഭം<br>*ജീവിതചക്രം (ശലഭം)<br>*പൂന്തോട്ട സന്ദർശനം ശലഭങ്ങളെ തിരിച്ചറിയൽ<br>*ആവാസ വ്യവസ്ഥകൾ വീഡിയോ ക്ലിപ്സ് | ജൂലൈ | പി ടി എ |
| 3 | *വിവിധതരം മണ്ണുകൾ മനസ്സിലാക്കുന്നതിന്<br>*മണ്ണിന്റെ രൂപമാറ്റം | *മഴമാപിനി നിർമ്മാണം<br>*കൃത്രിമ മഴ പരീക്ഷണം<br>*ജലസ്രോതസ്സുകൾ | ആഗസ്റ്റ് | |

| | | | | |
|---|---|---|---|---|
| | *മണ്ണിലെ ജീവികൾ<br>*മണ്ണലിപ്പ് തടയേണ്ടതിന്റെ ആവശ്യകത<br>*ജലസ്രോതസ്സുകൾ<br>* മഴ, മഴക്കെടുതികൾ<br>*ജലസംരക്ഷണം | സന്ദർശനം<br>* ജലം കൊണ്ടുള്ള ആവശ്യങ്ങൾ<br>*പോസ്റ്റർ (ജലസംരക്ഷണം)<br>*മുച്ചട്ടി അരിപ്പ നിർമ്മാണം<br>*മണ്ണുകൊണ്ടുള്ള പ്രയോജനങ്ങൾ കണ്ടെത്തൽ<br>* കളിമൺ പാത്രം നിർമ്മാണം<br>* ജലാഗിരണ ശേഷി<br>*മണ്ണിലൊളിഞ്ഞ വായു<br>*മണ്ണ് ആൽബം<br>*മണ്ണൊലിപ്പ് തടയാൻ മാർഗരേഖ | | |

**എല്ലാ കാര്യത്തിലും തങ്ങൾ തുല്ല്യരാണെന്ന ചിന്തയിൽ നിന്നാണ് ജനാധിപത്യത്തിന്റെ ഉദയം**

**അരിസ്റ്റോട്ടിൽ**

| മേഖല : ക്ലാസ്സ് III ഗണിതം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല രസകരമായി ഗണിത പഠനവും നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും. ജ്യാമിതീയ രൂപങ്ങൾ നിർമ്മിക്കൽ പ്രദർശനം | ആഗസ്റ്റ് | SSA |
| 2 | ഗണിത പഠന രസകരമാക്കൽ ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ *പാമ്പും കോണിയും *ഡൈസ് *സങ്കലനം വ്യവകലനം *കുട്ടിപ്പീടിക | ജൂൺ – മാർച്ച് വർഷം മുഴുവൻ | |
| 3 | പഠനോപകരണ ശിൽപശാല പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ | രക്ഷിതാക്കളുടെ സഹായത്തോടെ പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം ,പ്രദർശനം | ജൂലൈ | PTA |
| 4 | ഗണിത മേള - ഗണിതശേഷികളുടെ പ്രകടനം | പ്രശ്നോത്തിരി പാറ്റേൺ പസിൽ പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം - മികവുത്സവം | ജൂലൈ - ആഗസ്റ്റ് | PTA |

**“Numbers have life;they are not just symbols on paper”**

**Shakuntala Devi**

| മേഖല : ക്ലാസ്സ് III ENGLISH | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | To listen speak ,read and write English without mistakes.<br>To check the vocabulary and writing skill of the pupils | Pre test | June I[st] Week | PTA |
| 2 | To develop listening and reading skills | **Listening**<br><br>* One minute story<br>*Games & Cartoons<br>*Action songs<br>*Icebreakers<br>*Communication of teacher's and students in English<br>**Reading**<br><br>*Phonic reading cards and comprehensions<br>*Reading competition with proper voice modulation<br>*Simple story books<br>*Rhyming words<br>*Describing words<br>*T B activities<br>*Read and rejoice<br>*English corner | June<br>-<br>July | BRC |
| 3 | To develop speaking and writing skills | **Speaking**<br><br>*Discussions<br>*Self introduction<br>*Classroom communication only through English<br>*Daily routine (My Day) presentation<br>*Story telling<br>*conversation<br>*Skit<br>*speech<br>**Writing**<br><br>*Puzzles<br>*comprehension through phonic unfamiliar reading Cards.<br>*English Diary<br>*Picture description with describing words<br>*Thoughts and speech bubbles<br>*Word chain and sentence chain | July<br>-<br>August | PTA<br>SRG |

| | | | | |
|---|---|---|---|---|
| | | *make riddles and conversations<br>*Add more lines<br>*Making Stories from pictures<br>*Recipe writing | | |
| 4 | To express thoughts feelings etc. and space for creative speaking and improve the presentation skill | *Picture Stories<br>*Develop Story<br>*kitchen orchestra<br>*Cooking show(video)<br>*Audio diary of events<br>*writing and saying expressions<br>*making slogans<br>*video clip of events or occasions with commentary | October | CPTA |
| 5 | English theatre | English skit, drama, conversation, story telling | | |
| 6 | Creative writing | * writing stories or developing stories from pictures<br>*English magazine<br>*Sending letter to the friends | | |
| 7 | English fest | | February | PTA<br>BRC |

**"Intellectual growth should commence at birth and cease only at death."**

**Albert Einsten**

| മേഖല : ക്ലാസ്സ് IV മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൽ | പ്രീ ടെസ്റ്റ് | ജൂൺ - ഡിസംബർ | |
| 2 | കുട്ടികളിലെ വായനാശീലം പരിപോഷിപ്പിക്കൽ | **ലൈബ്രറി**<br>*ക്ലാസ്സ് ലൈബ്രറി വിതരണം.<br>*കൂടുതൽ വായനക്കാർക്ക് സമ്മാനം<br>*വായനാക്കുറിപ്പ് ഫയൽ ചെയ്യൽ.<br>*ജന്മദിനത്തിനൊരു പുസ്തകം | ജൂലൈ | പി ടി എ |
| 3 | വ്യക്തിഗതമായും സംഘമായും സ്വതന്ത്ര രചനകൾ നടത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കൽ | *വ്യക്തിഗത രചന (ഡയറി, പത്രവാർത്ത)<br>*സംഘ രചന (പതിപ്പ്)<br>*സ്വതന്ത്ര രചന, T B<br>**പ്രവർത്തനങ്ങൾ -**<br>കഥാരചന,ചുമർപത്രിക വിദ്യാരംഗം കലാസാഹിത്യ വേദിയുമായി ബന്ധപ്പെട്ട പ്രവർത്തനം | ജൂലൈ | |
| 4 | സർഗാത്മക പ്രകടനത്തിന് അവസരമൊരുക്കൽ | സർഗ്ഗവേള മാസത്തിലൊരിക്കൽ | ജൂൺ - മാർച്ച് | |

**"വിദ്യാഭ്യാസം എന്നാൽ എഴുത്തും വായനയും പഠിക്കുക എന്നതല്ല. അത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള കരുത്താർജിക്കലാണ്"**

**ഗാന്ധിജി**

| മേഖല : ക്ലാസ്സ് IV പരിസരപഠനം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | ജീവികളെ പട്ടികപ്പെടുത്തൽ സവിശേഷതകൾ | പരിസരത്തുള്ള ആവാസവ്യവസ്ഥ നിരീക്ഷണം<br>ഐ.സി.ടി ,വീഡിയോ | ജൂൺ | പി ടി എ |
| 2 | സസ്യലോകത്തെ വൈവിധ്യം,സിരാ വിന്യാസം ഏക ബീജ, ദ്വിബീജ സസ്യങ്ങൾ എന്നിങ്ങനെ തരംതിരിച്ച് പട്ടികപ്പെടുത്തൽ | നിരീക്ഷണം,<br>പട്ടികപ്പെടുത്തൽ ,<br>പ്രോജക്ട്,<br>വിവിധ ഇലകൾ,<br>വേരുകൾ ശേഖരിക്കൽ | ജൂലൈ | |
| 3 | പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തൽ | പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കൽ<br>ഗ്രീൻ അംബാസിഡർ<br>പോസ്റ്റർ രചന | ആഗസ്റ്റ് | |
| 4 | സ്വാതന്ത്ര്യ സമര ചരിത്രത്തിലെ പ്രധാന സംഭവങ്ങൾ കണ്ടത്തി പറയുക, സ്വാതന്ത്ര്യ സമര സേനാനികളുടെ സംഭാവനകൾ, ജീവിത മൂല്യങ്ങൾ എന്നിവ ആദരവോടെ ഓർക്കൽ | ഐസിടി സാധ്യതകൾ കുറിപ്പ് തയ്യാറാക്കാൻ,<br>പതിപ്പ് തയ്യാറാക്കൽ,<br>സമര ഗീതങ്ങൾ, മുദ്രാ ഗീതങ്ങൾ എന്നിവ ശേഖരിക്കൽ | ആഗസ്റ്റ് | |
| 5 | പക്ഷി നിരീക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ഐസിടി സാധ്യതകൾ,<br>നിരീക്ഷണ കുറിപ്പ് തയ്യാറാക്കാൻ | നവംബർ | ബി ആർ സി |
| 6 | കലയും ആഘോഷങ്ങളും കേരളീയ സംസ്കാരത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് തിരിച്ചറിഞ്ഞ് വിശദീകരണം | വീഡിയോ, വേഷപ്പകർച്ച,<br>നാടൻ പാട്ടുകൾ ശേഖരിക്കൽ | ജനുവരി | |

**മരങ്ങൾ**
**നട്ടു പിടിപ്പിക്കുന്ന**
**ഒരുവൻ തന്നെ കൂടാതെ**
**തന്റെ സഹജീവികളെയും**
**സ്നേഹിക്കുന്നു.**

**തോമസ് ഫുള്ളർ**

| മേഖല : ക്ലാസ്സ് IV ഗണിതം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | **കളിക്കാം..ഗണിക്കാം**<br><br>ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ മൂലനിർണയം (ഏണിയും പാമ്പും ഡയസ് കളി ) സങ്കലനം - വ്യവകലനം (കച്ചവടക്കളി) | വർഷം മുഴുവൻ | |
| 2 | **ഒറിഗാമികളുടെ പഠിക്കാം**<br>ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ<br>കര ചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | ആഗസ്റ്റ് | പി ടി എ |
| 3 | **ഗണിത പഠനോപകരണ ശില്പശാല**<br>പഠനോപകരണങ്ങളിലൂടെ ഗണിത പഠന രസകരമാക്കാൻ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാനുസരണം | പി ടി എ |
| 4 | **ഗണിത മേള**<br>ഗണിത ശേഷികളുടെ പ്രകടനം | പ്രശ്നോത്തരി, പസിൽ, പാറ്റേൺ പഠനോൽപ്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | എസ്.ആർ.ജി ക്ലാസ്സ് ടീച്ചർ |
| 5 | ക്ലോക്ക് വാച്ച് നോക്കി പറയ സമയം പറയൽ രേഖപ്പെടുത്തൽ | ക്ലോക്ക് നിർമ്മാണം കലണ്ടർ നിർമ്മാണം ജന്മദിന കലണ്ടർ നിർമ്മാണം | സെപ്തംബർ | |

**“Life is a math equation .**
**In order to gain the most,**
**you have to know**
**how to convert**
**negatives into positives”**

**Aryabhata**

| മേഖല : ക്ലാസ്സ് IV ENGLISH | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| | | Pre test<br>Action songs, Games, Skit, Stories, ICT | | |
| 1 | To speak ,read and write English without any mistake | **<u>Speaking</u>**<br>Conversation<br>Description<br>Speech in a week<br>Making sentences<br>picture reading<br>self introduction<br>Riddles etc...<br>**<u>Reading Skill</u>**<br>Story reads<br>News paper reading<br>Library book reading<br>collect different words and share in the group and reading, collect and read past tense, rhyming words etc<br>**<u>Writing Skill</u>**<br>Make word web, picture description word chain, Sentence chain, make words and sentences, make riddle, conversation. Add more lines, develop story, notice, announcement, Diary, letter, magazines, news etc. Text book activities | June<br>-<br>March | P T A<br><br>B R C |

**“Education is the most powerful weapon which you can use to change the world”**

**Nelson Mandela**

| മേഖല : ടാലന്റ് ലാബ് എൽ പി | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | കുട്ടികൾക്ക് സർഗാത്മക രചനകൾക്ക് അവസരം ഒരുക്കൽ | * മഴക്കാല അനുഭവം<br>* കഥാപൂരണം<br>* മഴ -കുട്ടിക്കവിത<br>* ചിത്രരചന | ജൂൺ | |
| 2 | നിർമ്മാണാത്മക കഴിവുകൾ വികസിപ്പിക്കുക | *ചങ്ങാതിക്കൂട്ടം (വിഷയം ആസ്പദമാക്കി ചിത്രം, അനുഭവം, കുട്ടിക്കവിത) | ജൂലൈ | |
| 3 | കുട്ടികളിലെ കലാഭിരുചി വളർത്തുക | *ശിൽപ്പശാല (പാവനാടകം, ചിത്രകല) | സെപ്റ്റംബർ | |
| 4 | ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന പരിശീലന പരിപാടികൾ ഒരുക്കുക | ശില്പശാല | നവംബർ | പി ടി എ |
| 5 | ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക | *പാട്ട് വണ്ടി (അവതരണം പൊതുവേദി) പാട്ട്, കഥ ,പ്രസംഗം | ജനുവരി<br>-<br>മാർച്ച് | |
| 6 | എഴുത്തും വരയും - കുട്ടികളുടെ വിവിധ സൃഷ്ടികൾ, ചിത്ര രചനാ പാടവം എന്നിവ പ്രോത്സാഹിപ്പിക്കുക | മാഗസിൻ പ്രകാശനം | മാർച്ച് | എസ് ആർ ജി |

**സൂര്യൻ ഉദിക്കുമ്പോൾ**

**ഇരുട്ട്**

**മാറിപ്പോകുന്നതുപോലെ**

**അറിവുദിക്കുമ്പോൾ**

**അജ്ഞതയും**

**മാറിപ്പോകുന്നു.**

**ശ്രീ നാരായണ ഗുരു**

| മേഖല : തനതു പ്രവർത്തനങ്ങൾ എൽ പി | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| **Ladder -English Learning Programme Agency** | | | | |
| 1 | To enrich the vocabulary and reading skill of the students | **Class III & IV**<br>English English Malayalam Dictionary Making<br>**Class II & III**<br>Picture Dictionary<br>*Reading card making (work shop)<br>* Phonic reading with the help of phonic sounds<br>* Sound chart (for each class)<br>* English library<br>**Class I to IV**<br>Readers theatre | June<br>-<br>March | PTA & SRG |
| 2 | To enrich the listening skill and speaking skill of the students | *One minute story and cartoons<br>* Story telling<br>* Event narration<br>* Video and Audio diary | June<br>-<br>March | |
| 3 | Creative writing.<br>To enrich the writing skill of the students | English magazine | | |
| 4 | To perform language skills | English Fest | March | |
| **അനന്തം - ഗണിതം** | | | | |
| | കുട്ടികൾക്ക് ഗണിതശേഷി വികസിപ്പിക്കുന്നതിന്.<br><br>യുക്തിചിന്ത വർദ്ധിപ്പിക്കുന്നതിന്.<br><br>ഗണിത അഭിരുചി വർദ്ധിപ്പിക്കുന്നതിന്. | **ഗണിത കോർണർ**<br>ഒന്നു മുതൽ നാലു വരെ ക്ലാസുകളിലെ പഠന ആശയങ്ങൾ കുട്ടികൾക്ക് ഉറപ്പിക്കുന്നതിന് വ്യത്യസ്ത പഠനോപകരണങ്ങൾ ഓരോ ക്ലാസ് റൂമുകളിലും സജ്ജീകരിക്കുന്നു.<br><br>**ശില്പശാല**<br>ക്ലാസുകളിലെ മുഴുവൻ രക്ഷിതാക്കളുടെയും സഹകരണത്തോടെ പഠനോപകരണ നിർമ്മാണ ശില്പശാല സംഘടിപ്പിക്കുന്നു (ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്നു)<br><br>ഗണിത അഭിരുചി | ജൂൺ<br>-<br>മാർച്ച്<br><br>ഒക്ടോബർ<br>-<br>ഡിസംബർ<br><br>സപ്തംബർ | പി ടി എ<br>എസ് ആർ ജി |

| | | | | |
|---|---|---|---|---|
| | | വർദ്ധിപ്പിക്കുന്നതിന് വേണ്ടി ജോമട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട് ,പസിൽസ്, ക്വിസ് മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു | - ഡിസംബർ | പി ടി എ എസ് ആർ ജി |
| **ജി കെ ഹണ്ട്** | | | | |
| | കുട്ടികൾ പൊതു വിജ്ഞാനശേഷി വർദ്ധിപ്പിക്കുന്നതിനും വിവിധ മത്സര പരീക്ഷകളിൽ അവരെ പ്രാപ്തരാക്കുന്നതിനും | 1 മുതൽ 4 വരെയുള്ള ക്ലാസുകളിൽ പൊതുവിജ്ഞാന പ്രശ്നോത്തരികൾ സംഘടിപ്പിക്കുന്നു.<br><br>ഒന്നാം ക്ലാസ് - വാചികം<br>2,3 ക്ലാസുകളിൽ ആഴ്ചകൾ ആഴ്ചയിൽ 10 ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു.<br>നാലാം ക്ലാസിൽ ദിവസവും 10 ചോദ്യങ്ങൾ.<br>ക്വിസ് മത്സരം നടത്തുന്നു (ആഴ്ചയിൽ)<br>മാസത്തിൽ ഒരു തവണ ക്വിസ് മത്സരം നടത്തുന്നു.<br>മെഗാ ക്വിസ് മത്സരം<br>ആകർഷകമായ സമ്മാനങ്ങൾ | | |

**"സന്തോഷത്തിന്റെ**
**ഒരു വാതിൽ അടയുമ്പോൾ,**
**മറ്റൊന്നു തുറക്കുന്നു.**
**എന്നാൽ ഇടയ്ക്കിടെ നാം**
**അടഞ്ഞവാതിലിലേക്ക് തന്നെ**
**നോക്കിയിരിക്കുകയാണെങ്കിൽ**
**നമുക്കായി തുറന്നു കിടക്കുന്ന**
**വാതിലുകൾ നാം കാണാതെ പോകും"**
**ഹെലൻ കെല്ലർ**

| മേഖല : യു പി മലയാളം | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പ്രശ്നങ്ങൾ/ ഉദ്ദേശ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
| 1 | എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതുവാനും വായിക്കാനുമുള്ള ശേഷി വികസനം. | 1 അക്ഷരം ഉറപ്പിക്കൽ (ആവർത്തിച്ചുള്ള വായന,അക്ഷര കാർഡ്)<br>2 വലിയ അക്ഷരങ്ങളുള്ള ബാല മാസികകൾ ക്ലാസിൽ ലഭ്യമാക്കുക<br>3 വാക്കുകളും വാക്യങ്ങളും നിർമ്മിക്കുക അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>4 സഹവർത്തിത പഠനത്തിന് പ്രാധാന്യം നൽകുക<br>5 ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് (വിദഗ്ധരുടെ ക്ലാസ്)<br>6 ഡയറി കുറിപ്പുകൾ എഴുതാനും,സ്വയം വിലയിരുത്താനും, പരസ്പരം വിലയിരുത്താനുമുള്ള അവസരം നൽകുക. | ജൂൺ<br>-<br>ഡിസംബർ | |
| 2 | പഠിതാവിൽ അർത്ഥ പൂർണമായ വായന ഉറപ്പുവരുത്തുക | 1 ക്ലാസ് വായന കൂട്ടം രൂപീകരിക്കുക<br>2 ക്ലാസ് ലൈബ്രറി വിപുലീകരണം<br>3 സ്കൂൾലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ ലഭ്യമാക്കുക<br>4 സമീപ ഗ്രന്ഥശാല അംഗത്വം | 1 വർഷം | |
| 3 | പത്രവായന പരിപോഷിപ്പിക്കൽ | 1 രാവിലെ പ്രധാന വാർത്തകളുടെ അവതരണം<br>2 മാസാവസാനം പത്ര ക്വിസ് | 1 വർഷം<br>(എല്ലാ ദിവസവും)<br>മാസം 1 | |
| 4 | സർഗാത്മകത പരിപോഷിപ്പിക്കൽ | 1 യാത്രവിവരണം, വായനക്കുറിപ്പ് അഭിമുഖം, പതിപ്പ് നിർമ്മാണം, (ദിനാചരണങ്ങളുമായി | 1 വർഷം | |

| | | | | |
|---|---|---|---|---|
| | | ബന്ധപ്പെട്ട്)<br>ആസ്വാദനക്കുറിപ്പ്<br>എന്നിവ തയ്യാറാക്കൽ<br>2 ചിത്രരചന ക്യാമ്പ് | | |
